**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 819** **26-07-2021 - ൽ മറുപടിയ്ക്ക്**

**ഉപരിപഠനത്തിനുള്ള അവസരം ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ എം വിൻസെൻറ്** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ അദ്ധ്യയന വർഷം എത്ര കുട്ടികളാണ് എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയത്; എത്ര പേർ ഉന്നത പഠനത്തിന് യോഗ്യത നേടി; വിജയ ശതമാനം എത്രയാണ്; വ്യക്തമാക്കുമോ; | (എ) | (എ) 2020-21 അദ്ധ്യയന വർഷം ആകെ 4,21,887 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയതിൽ 4,19,653 വിദ്യാർത്ഥികൾ ഉന്നത പഠനത്തിന് യോഗ്യത നേടി. വിജയശതമാനം 99.47. |
| (ബി) | സംസ്ഥാനത്ത് സർക്കാർ എയിഡഡ് മേഖലയിൽ എത്ര പ്ലസ് ടു സീറ്റുകൾ നിലവിലുണ്ട്; | (ബി) | (ബി) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലയിൽ ബാച്ചൊന്നിന് 50 സീറ്റ് എന്ന ക്രമത്തിൽ ആകെ 3,06,150 സീറ്റുകൾ നിലവിലുണ്ട്. |
| (സി) | ഉപരിപഠനത്തിന് യോഗ്യത നേടിയ എല്ലാ കുട്ടികൾക്കും അവസരം നൽകുന്നതിന് ഈ സീറ്റുകൾ പര്യാപ്തമാണോ; | (സി) | (സി)&(ഡി) അല്ല. എന്നാൽ 2021 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനായി ഹയർസെക്കന്ററി മേഖലയിൽ ആകെ 3,61,307 സീറ്റുകളും വൊക്കേഷണൽ ഹയർസെക്കന്ററി മേഖലയിൽ 33,000 സീറ്റുകളും ഐ.ടി.ഐ കളിൽ 49,140 സീറ്റുകളും പോളിടെക്നിക്കുകളിൽ 19,080 സീറ്റുകളും ഉൾപ്പെടെ 4,62,527 സീറ്റുകൾ ലഭ്യമാണ്. |
| (ഡി) | അല്ലെങ്കിൽ ഉപരിപഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ ആശങ്ക പരിഹരിച്ച് കൊണ്ട് മുഴുവൻ പേർക്കും പഠനാവസരം ഉറപ്പാക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | (സി)&(ഡി) അല്ല. എന്നാൽ 2021 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനായി ഹയർസെക്കന്ററി മേഖലയിൽ ആകെ 3,61,307 സീറ്റുകളും വൊക്കേഷണൽ ഹയർസെക്കന്ററി മേഖലയിൽ 33,000 സീറ്റുകളും ഐ.ടി.ഐ കളിൽ 49,140 സീറ്റുകളും പോളിടെക്നിക്കുകളിൽ 19,080 സീറ്റുകളും ഉൾപ്പെടെ 4,62,527 സീറ്റുകൾ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ